# ശ്രീ ചട്ടമ്പി സ്വാമികൾ

ഡോ. കെ. ഭാസ്കരൻ നായർ

ഈ നൂററാണ്ടിൻെറ ആദ്യപാദത്തിൽ ദക്ഷിണ കേരളത്തെ മുഴുവനും ആദ്ധ്യാത്മിക തേജസ്സുകൊണ്ട് പ്രശോഭിപ്പിക്കുകയും, വലിയ ജനസമൂഹങ്ങളുടെ ആരാധനാപാത്രമായി യശസ്സു നേടുകയും ചെയ്ത മഹാപുരുഷനാണ് പരമ ഭട്ടാരക ശ്രീ വിദ്യാധിരാജ തീർത്ഥപാദ ചട്ടമ്പിസ്വാമി തിരുവടികൾ. ''ചട്ടമ്പി സ്വാമി'' എന്ന ചുരുക്കപ്പേരിലാണ് അദ്ദേഹം സാമാന്യജനങ്ങളുടെ ഇടക്ക് അറിയപ്പെട്ടിരുന്നത്. ഇന്നും ആ പേരു തന്നെ പ്രചാരത്തിലിരിക്കുന്നു. ചട്ടംപിള്ള എന്ന പദം ലോപിച്ചാണ് ചട്ടമ്പി എന്ന പേരുണ്ടായത്. അതിൻെറ അർത്ഥം സതീർത്ഥ്യരുടെ മേൽനോട്ടക്കാരൻ (ഇംഗ്ലീഷിലെ monitor) എന്നാണ്. അച്ഛനമ്മമാരിട്ട കുഞ്ഞൻ എന്ന പേര് ജാതിനാമം ചേർത്ത് കുഞ്ഞൻപിള്ള എന്നാവുകയും, പിന്നീട് വിദ്യാലയത്തിൽ വെച്ച് കുഞ്ഞൻപിള്ള ചട്ടമ്പി എന്ന് ആയിത്തീരുകയും ചെയ്തു.

തിരുവനന്തപുരം നഗരത്തിൻെറ വടക്കുപടിഞ്ഞാറു ഭാഗത്തുള്ള കണ്ണമ്മൂല എന്ന സ്ഥലത്ത്, താമരശ്ശേരി ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടെയും, ഉള്ളൂർക്കോട്ട് വീട്ടിൽ നങ്ങമ്മപ്പിള്ളയുടെയും ആദ്യസന്താനമായി 1853 ആഗസ്റ്റ് 25-നാണ് അദ്ദേഹം ജനിച്ചത്. വീട്ടിലെ ഘോരദാരിദ്ര്യം മൂലം വിദ്യാലയത്തിൽ ചേർന്ന് പഠിക്കാൻ സാധിച്ചില്ല. എങ്കിലും അയൽപക്കത്തുള്ള വിദ്യാർത്ഥികളുടെ എഴുത്തോലകൾ നോക്കി, സ്വപ്രയത്നം കൊണ്ടുതന്നെ മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളും കണക്കും പഠിച്ചു. 15-ാമത്തെ വയസിൽ, പേട്ടയിൽ രാമൻ പിള്ളയാശാൻ എന്ന പണ്ഡിതൻെറ പാഠശാലയിൽ ചേർന്ന് സംഗീതം പഠിച്ചു. അവിടെവെച്ചാണ് ചട്ടമ്പി എന്ന സ്ഥാനപ്പേരു കിട്ടിയത്. പിന്നീട് കുറെക്കാലം ആധാരമെഴുത്ത്, ഹജൂർ കച്ചേരിയിൽ കണക്കെഴുത്ത്, വക്കീൽ ഗുമസ്തൻ എന്നീ ജോലികളിൽ ചെലവഴിച്ചു. ഇതിനിടയ്ക്കു തന്നെ സന്ന്യാസിമാരും യോഗികളും ശാസ്ത്രപണ്ഡിതന്മാരുമായ പലരുടെയും ശിക്ഷണം ലഭിക്കുകയും ആദ്ധ്യാത്മിക വിഷയങ്ങളിൽ അഗാധമായ താൽപര്യം ജനിക്കുകയും ചെയ്തു. സംസ്കൃതത്തിലും തമിഴിലുമുള്ള യോഗശാസ്ത്രഗ്രന്ഥങ്ങളിൽ അവഗാഹവും നേടി. തമിഴ്നാട്ടിലെ കല്ലടക്കുറിച്ചി എന്ന സ്ഥലത്ത് മഹാ പണ്ഡിതനായ ഒരു ജടാപാഠികളുടെ കൂടെ മൂന്ന വർഷം ഗുരുകുലവാസം ചെയ്തതായും പറയുന്നു. ഇയ്യിടയ്ക്ക് അദ്ദേഹം ദക്ഷിണേന്ത്യ മുഴുവനും ചുററിസ്സഞ്ചരിക്കുകയും പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയും പല മഹാത്മാക്കളുടെയും അനുഗ്രഹം നേടുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞ് ഏകദേശം 28 വയസ്സായപ്പോഴാണ് തിരുവനന്തപുരത്ത് മടങ്ങിയെത്തിയത്. അല്പകാലത്തിനുള്ളിൽ മാതാവ് ചരമമടഞ്ഞു. അതോടെ അദ്ദേഹം വീടും മററുബന്ധങ്ങളും ത്യജിച്ച് പരിവ്രാജകനായി.

പിന്നീടുണ്ടായ ദേശാടനത്തിനിടയ്ക്ക് കന്യാകുമാരി ജില്ലയിലെ വടിവീശ്വരം എന്ന സ്ഥലത്തുവെച്ച് ഒരു അവധൂത ഗുരുവിനെ കണ്ടുമുട്ടുകയും ആ ജീവന്മുക്തനിൽ നിന്ന് അത്യുന്നതമായ ആത്മജ്ഞാനം നേടുകയും ചെയ്തു എന്നാണ് സ്വാമികൾ തന്നെ പറഞ്ഞിട്ടുള്ളത്. മുപ്പതിനോടടുത്ത പ്രായമുള്ളപ്പോൾ അണിയൂർ എന്ന സ്ഥലത്തെ ക്ഷേത്രസന്നിധിയിൽവെച്ച്

Digitized by Kerala Sahitya Akademi

ചെമ്പഴന്തിക്കാരനായ നാണു ആശാൻ എന്ന മുമുക്ഷുവുമായി അദ്ദേഹം പരിചയപ്പെട്ടു. അവർ ആത്മമിത്രങ്ങളായി. പിന്നത്തെ മൂന്നുനാലുവർഷം അവർ രാമലക്ഷ്മണന്മാരെപ്പോലെയോ, അശ്വിനീദേവതകളെപ്പോലെയോ സന്തത സഹചാരികളായിട്ടാണ് ജീവിച്ചതു്. അദ്ധ്യാത്മ സംസ്കാരത്തിന്റെ മേരുശൃംഗങ്ങളായി ഉയർന്നുനില്ക്കുന്ന ഈ മഹാപുരുഷന്മാരുടെ സാന്നിദ്ധ്യമാണ് കേരളീയ ജീവിതത്തെ അക്കാലത്തു് സമ്പൂർണ്ണവിനാശത്തിൽ നിന്നു രക്ഷിച്ചതു് എന്നു് ഇന്നു നമുക്കു മനസ്സിലാകുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും വൈദേശിക സംസ്കാരത്തിന്റെയും പ്രലോഭനങ്ങൾ ഒരു വശത്തും, അങ്ങേയററം ജീർണ്ണിച്ചുപോയ ദേശീയ പാരമ്പര്യങ്ങൾ മറുവശത്തും നിന്നു് ജനസമുദായങ്ങളെ ആഞ്ഞുവലിക്കുകയും വഴിയറിയാതെ വിഷമിപ്പിക്കുകയും ചെയ്ത കാലഘട്ടമായിരുന്നു അതു്. ആ പ്രതിസന്ധിയിൽ ജീവിതത്തിന്റെ അർത്ഥമെന്തെന്നും ലക്ഷ്യമെന്തെന്നും, ശാശ്വതമായ ശാന്തി ലഭിക്കുവാനുള്ള മാർഗ്ഗമെന്തെന്നും, ഈ മഹാത്മാക്കൾ സ്വന്തം ജീവിത മാതൃക കൊണ്ടു് ഈ രാജ്യത്തെ ജനങ്ങളെ പഠിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തു. വലിയവലിയ സ്ഥാനമാനങ്ങൾ നേടിയവരും കുബേരപദവി അനുഭവിച്ചവരും, ഇംഗ്ലീഷു പഠിച്ചവരും ഇംഗ്ലണ്ടിൽപോയി പഠിച്ചവരും, നഗരവാസികളും നാട്ടിൻപുറത്തുകാരും, സമൂഹത്തിലെ ഭൂരിപക്ഷമായ സാധാരണ ജനങ്ങളും, എന്നു വേണ്ട കുററവാളികളും കൊലപാതകികൾ പോലും, അവരെ അങ്ങേയററം ബഹുമാനിച്ചു. അവരുടെ സിദ്ധികൾ കണ്ടു് അത്ഭുതപരതന്ത്രരായി. ആദ്ധ്യാത്മിക ജീവിതം മോശമല്ലെന്നു് മനസ്സിലാക്കി. മഹാപുരുഷസംശ്രയം എന്നു ശങ്കരാചാര്യർ പറയുന്ന മഹാ തത്ത്വത്തിന്റെ രഹസ്യം ഇതാണു്. അതു് സത്‌വൃത്തിയുടെ മേന്മയെക്കുറിച്ചുള്ള അനുഭവ ബോധം ജനിപ്പിക്കുന്നു, സംശയങ്ങളെയും അവിശ്വാസത്തെയും ദൂരീകരിക്കുന്നു.

ഈ സഹവാസം അവസാനിച്ചതിനുശേഷം അവരുടെ പ്രവർത്തനങ്ങൾ രണ്ടു വഴിക്കു തിരിഞ്ഞു. അദ്ധ്യാത്മജീവിതത്തോടൊപ്പം സാമൂഹിക സേവനവും ആവശ്യമാണെന്നു കാണുകയാൽ നാണു ആശാൻ, അനല്പമായ വൈരാഗ്യത്തോടുകൂടിയാണെങ്കിലും, അതിനു സന്നദ്ധനായി. അദ്ദേഹം ശ്രീനാരായണഗുരു എന്ന പേരിൽ കേരളത്തിനു് അകത്തും പുറത്തും നിസ്തുലമായ യശസ്സു് നേടി. ഈ രാജ്യത്തിലെ സാമൂഹിക ജീവിതത്തെ അധഃപതനത്തിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ഉദ്ധരിക്കുന്നതിനു് അദ്ദേഹം ചെയ്ത മഹാവ്രതം നമ്മുടെ ചരിത്രത്തിലെ ഏററവും ദീപ്തിമത്തായ അദ്ധ്യായമാകുന്നു. ചട്ടമ്പിസ്വാമിയാകട്ടെ, ഏറെക്കുറെ അവധൂതനെപ്പോലെതന്നെ ആയുശ്ശേഷം നയിക്കുകയും, വ്യക്തികളുടെ മുക്തിയിൽ മാത്രം ശ്രദ്ധിച്ചു് ശുദ്ധമായ ആദ്ധ്യാത്മിക മാർഗ്ഗത്തിൽ, നിസ്സംഗനായി, ജീവിതം തുടരുകയും ചെയ്തു. അദ്ദേഹം കാഷായവും കമണ്ഡലുവും സ്വീകരിച്ചില്ല; ആശ്രമങ്ങൾ പോലും സ്ഥാപിച്ചില്ല. പക്ഷേ അദ്ദേഹത്തിൽ നിന്നു് ആത്മജ്ഞാനം നേടിയ അനേകം സജ്ജനങ്ങൾ പ്രസിദ്ധന്മാരായ സന്യാസിമാരും മഠാധിപതികളും ആയിത്തീർന്നു് ആ മഹാത്മാവിന്റെ ആദ്ധ്യാത്മിക പാരമ്പര്യത്തെ ഇന്നും പുലർത്തിപ്പോരുന്നു. ഓരോ മനുഷ്യനും അവനവന്റെ അദ്ധ്വാനം കൊണ്ടുതന്നെ മുക്തി നേടണമെന്നും, വ്യക്തികൾ നന്മയിൽ ശ്രദ്ധയുള്ളവരായി ജീവിച്ചാൽ സമൂഹവും നന്നായിക്കൊള്ളുമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ അന്തർഗ്ഗതമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഭുവനഭോഗങ്ങളുടെ അർത്ഥശൂന്യതയും സാധാരണ മനുഷ്യരുടെ ലോഭമോഹങ്ങളും ഒട്ടു് എപ്പോഴും പുഞ്ചി

Digitized by Kerala Sahitya Akademi

രിക്കുകൊണ്ട്, സർവ്വഭൂതഹിതേരതനായി, സമലോഷ്ടാശ്മകാഞ്ചനനായി, തന്റെ സാന്നിദ്ധ്യം കൊണ്ടുതന്നെ എവിടെയും അദ്ധ്യാത്മപ്രകാശം പരത്തി, ലോകത്തിന് മാർഗ്ഗദർശനം നല്കി 71 വർഷങ്ങൾ അദ്ദേഹം ചെലവഴിച്ചു. അനുഗൃഹീത കവിയായ ശ്രീ. എം. പി. അപ്പൻ എഴുതിയതു പോലെ,

സ്നേഹിച്ചു സമമായ് സമസ്തവ്യക്തി-
പ്രൗഢൻ മൗനനെങ്കിലും
മോഹിച്ചീലൊരു വസ്തുവും ധരണി-
യിൽ—
അൻകീർത്തിപോലും പ്രഭോ!
ആഹാ! സുപ്രതിമാനിധേ, പുളകമാ-
ർന്നീടാത്തതാര, ങ്ങതൻ
മാഹാത്മ്യങ്ങളനോപമങ്ങളിതു പോ-
ലൊരോന്നു ഓർത്തീടുകിൽ.

ചട്ടമ്പിസ്വാമി സകലകലാവല്ലഭനായിരുന്നു. അനേകം വിഷയങ്ങളിൽ അഗാധപണ്ഡിതനും. ''സ്വാമികൾക്ക് ഏതാണ്ട് 39 വയസ്സുപ്രായമുള്ളപ്പോൾ എറണാകുളത്തുവെച്ച് (അദ്ദേഹത്തെക്കാൾ പത്തുവയസ്സിനു പ്രായക്കുറവുള്ള) വിവേകാനന്ദസ്വാമിയുമായി ഒരു സമാഗമം ഉണ്ടായി. വിവേകാനന്ദന്റെ അഭിലാഷപ്രകാരം ചിന്മുദ്രയുടെ രഹസ്യതത്ത്വം മനസ്സിലാക്കിക്കൊടുത്തത് ഈ സന്ദർഭത്തിലാണ്. 'കേരളത്തിൽ താൻ കണ്ട ഒരേ ഒരു പരിണതപ്രജ്ഞൻ' എന്ന് വിവേകാനന്ദസ്വാമി ശ്രീവിദ്യാധിരാജസ്വാമിയെപ്പറ്റിയും, 'വിവേകാനന്ദൻ വായ്തുറന്നാൽ മണൽത്തരിപോലും മധുരിച്ചുപോകും' എന്നു പരമഭട്ടാരക സ്വാമികൾ അദ്ദേഹത്തെപ്പറ്റിയും അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്'' എന്ന് ഒരു ജീവചരിത്രത്തിൽ കാണുന്നു.

അദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളെപ്പറ്റി ദൃക്‌സാക്ഷികളുടെയും അനുഭവസ്ഥന്മാരുടെയും അനേകം കഥകളുണ്ട്. സംഗീതം, നൃത്തം, കായികാഭ്യാസം, എന്നിവയിലെല്ലാം അദ്ദേഹം കൃതഹസ്തനായിരുന്നു. പലതരം വാദ്യോപകരണങ്ങൾ വായിച്ച് പ്രസിദ്ധരായ വിദ്വാന്മാരെപ്പോലും അദ്ദേഹം അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. അനവധി ഗ്രന്ഥങ്ങളും എഴുതുകയുണ്ടായി. അവയൊന്നും അച്ചടിക്കുന്നതിലോ പ്രചരിപ്പിക്കുന്നതിലോ താൽപര്യം കാണിച്ചില്ല. അതുകൊണ്ട് പലതും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. കിട്ടിയിട്ടുള്ളവ നിസ്തുലമായ പാണ്ഡിത്യത്തിന്റെയും അഗാധമായ സ്വതന്ത്രചിന്തയുടെയും പ്രതീകങ്ങളായി ഇന്നും ആദരിക്കപ്പെട്ടുപോരുന്നു. ഇവയിൽ വേദാധികാരനിരൂപണം, പ്രാചീനമലയാളം, അദ്വൈതചിന്താപദ്ധതി എന്നീ ഗ്രന്ഥങ്ങൾ വളരെ പ്രസിദ്ധങ്ങളാണ്. വൈദ്യശാസ്ത്രത്തിലും ഭാഷാശാസ്ത്രത്തിലുമെല്ലാം അദ്ദേഹം പ്രാമാണികങ്ങളായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. അവയൊന്നും കണ്ടുകിട്ടിയിട്ടില്ല. 'ആദിഭാഷ' എന്നൊരു വിശിഷ്ടകൃതി ആരുടെയോ പക്കൽ കാണുവാനിടയായി എന്നും അതു് മനുഷ്യൻ പുറത്തെടുക്കാതെ വെച്ചിരിക്കുകയാണെന്നും ശ്രീ ശൂരനാട്ട് കുഞ്ഞൻപിള്ള എന്നോടു പറയുകയുണ്ടായി. മററുള്ളവരുടെ കൈയിൽ കിട്ടിയാൽ അവർ അതുകൊണ്ട് മുതലെടുത്ത് കുബേരന്മാരായിപ്പോകും എന്ന വിചാരമാണ് ഈ പൂഴ്ത്തിവെപ്പിനു കാരണമെന്നു തോന്നുന്നു!

ചട്ടമ്പിസ്വാമി ശിശുനാമധരൻ (കുഞ്ഞൻപിള്ള) മാത്രമല്ല, ശിശുഭാവവിലോലനും പ്രേമസ്വരൂപനും ആയിരുന്നു. കുട്ടികളുടെ കൂടെ കളിക്കുന്നതും അവരെ രസിപ്പിക്കുന്നതും അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. മഹാകവി കുമാരനാശാനെ പൊന്നുംകുടമേ എന്നാണ് വിളിച്ചിരുന്നത് എന്നുപറയുന്ന സ്വാമി ധാരാളം പാട്ടുകളും ശ്ലോകങ്ങളും എഴുതാറുണ്ടായിരുന്നു, എന്നും, അതൊന്നും ആരും സൂക്ഷിച്ച് വെച്ചില്ല എന്നും മാഷ്യു്

Digitized by Kerala Sahitya Akademi

അതു് വലിയ നഷ്ടമായിപ്പോയി എന്നും പറയപ്പെടുന്നു. ഏതാനും ശ്ലോകങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. ഒരെണ്ണം ഉദ്ധരിക്കട്ടെ (ഒരു ശിഷ്യന്നല്ലിയ അനുഗ്രഹമാണു്):–

ലോലുകളെണ്ണും സ്വത്തിൻ പെരുമനയണവോളം
പൂട്ടിച്ചൊന്നു നോക്കും
കാലത്തെല്ലാപ്രപഞ്ചങ്ങളുമര നൊടിയിൽ
തോന്നിനിന്നങ്ങുമായും;
കൂലം വിട്ടോരു ശക്തിക്കലയവളു, വളെൻ
ചിത്തരംഗത്തിലാടും
ബാലപ്പെൺ കല്പകപ്പൂങ്കൊടി തവ മനമാം
മാതുവിൽ ചുററിടട്ടെ.

1913-ൽ ഈ മഹാത്മാവിന്റെ ഷഷ്ടിപൂർത്തി ദക്ഷിണകേരളത്തിൽ മുഴുവനും ആഘോഷിച്ചു. സ്വാമികൾക്കു് പ്രചാരണവും ആഘോഷങ്ങളും ഒന്നും ഇഷ്ടമല്ലായിരുന്നു. താനും നാരായണഗുരുസ്വാമിയും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെപ്പററി അന്നുതന്നെ ആരംഭിച്ച വാദപ്രതിവാദങ്ങൾ കേൾക്കുവാൻ ഇടയായപ്പോൾ, ''നമുക്കു് ആരുടെയും ഗുരുവാകേണ്ട. എല്ലാവരുടെയും ശിഷ്യനായാൽ മതി.'' എന്നു് അദ്ദേഹം പറഞ്ഞുവത്രെ. എന്നാലും, ജാതിചിന്തയല്ലാതെ ഈ വിഷയവുമായി ഒരു ബന്ധവുമില്ലാത്ത ആളുകൾ തമ്മിൽ ഇന്നും അതിശ്രദ്ധയോടെ നടത്തിക്കൊണ്ടിരിക്കുന്ന ഈ വാദപ്രതിവാദത്തെ അദ്വൈത ചിന്താപദ്ധതി എന്ന അതിവിശിഷ്ടമായ വേദാന്തഗ്രന്ഥത്തിന്റെ പ്രസ്താവനയിൽ അതിന്റെ പ്രസാധകനായ ശ്രീ വിദ്യാനന്ദതീർത്ഥ പാദസ്വാമികൾ (തീർത്ഥപാദപുരം, വാഴൂർ, കോട്ടയം) വളരെ വിസ്തരിച്ചും രേഖാമൂലമായും പരിശോധിച്ചിട്ടുണ്ടു്. ശിഷ്യഗണങ്ങളുടെയും ആരാധകന്മാരുടെയും നിർബന്ധം മൂലമാണു് സ്വാമി തന്റെ ഷഷ്ടിപൂർത്തിയാഘോഷത്തിൽ പങ്കെടുക്കുവാൻ സമ്മതിച്ചതു്. അതോടെ കേരളീയർക്കു് ഏററവും അഭിമതനായ ആചാര്യൻ എന്ന പദവിയിൽ അദ്ദേഹം അവരോധിക്കപ്പെട്ടു. അന്നാണു് മഹാകവി ഉള്ളൂർ,

പ്രത്യങ്ങ് മുഖക്കപരിധിയിൽ പര
ചിതു് സ്വരൂപം
പ്രത്യക്ഷമാക്കിന വിഭോ, പരിപക്വ
ഏതേ!
പ്രത്യഗ്രശങ്കര! ഭവാന്റെ ചരിത്ര
മെന്നും
പ്രത്യക്ഷരം പരമപാവനമായ്‌ വി
ളങ്ങും

എന്നു് അദ്ദേഹത്തെ വാഴ്ത്തിയതു്. പിന്നെയും പതിനൊന്നുവർഷം അദ്ദേഹം ജനസഞ്ചയത്തിന്റെ ആശാകേന്ദ്രമായി, അഭയസ്ഥാനമായി, ആത്മാരാമനായി ഈ രാജ്യത്തുജീവിച്ചു് ഈ പുണ്യഭൂമിയെ പൂർവ്വാധികം പവിത്രമാക്കി. 1924 മേയ് മാസം 5-ാം തിയ്യതിയാണു് അദ്ദേഹം അപുനർഭവമായ മഹാസമാധിയിൽ ലയിച്ചതു്.

അന്നു് ശിവഗിരിയിൽ സ്ഥിരതാമസമാക്കിയിരുന്ന ശ്രീനാരായണ ഗുരുദേവൻ ഈ വാർത്തയറിഞ്ഞപ്പോൾ ധ്യാനനിമഗ്നനായി. അദ്ദേഹത്തിനു് ചട്ടമ്പിസ്വാമിയേക്കാൾ രണ്ടുവർഷത്തിന്റെ പ്രായക്കുറവേ ഉണ്ടായിരുന്നുള്ളു. നാലുവർഷം കൂടി കഴിഞ്ഞപ്പോൾ, സമാധിയടയുകയും ചെയ്തു. അന്നത്തെ ധ്യാനത്തിൽ നിന്നു് ഉണർന്നപ്പോൾ ഗുരുദേവൻ അന്തേവാസികൾക്കു പറഞ്ഞുകൊടുത്തതും സുപ്രസിദ്ധവും ഉപനിഷദ്സൂക്തം പോലെ ഉദാത്തസുന്ദരവും അർത്ഥഗർഭവുമായ സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനം ഉപസംഹരിക്കട്ടെ.

സർവ്വജ്ഞേ ഋഷിരുത്‌ക്രാന്തഃ
സദ്ഗുരുഃ ശുകവർത്മനാ

Digitized by Kerala Sahitya Akademi